**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2764** **17-03-2022 - ൽ മറുപടിയ്ക്ക്**

**വർക്കല സബ്ബ് രജിസ്ട്രാർ ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | null<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | വർക്കല സബ്ബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | 2016-17 ബഡ്ജറ്റ് പ്രകാരം കിഫ്ബി പദ്ധതി മുഖേന നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വർക്കല സബ് രജിസാർ ഓഫീസിന് പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകുകയും പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് 19.01.2021-ൽ 1,58,32,062/- രൂപയുടെ സാങ്കേതിക അനുമതി ലഭിക്കുകയുമുണ്ടായി. 20.01.2021ൽ ഓൺലൈനിലൂടെയും പത്രങ്ങളിലൂടെയും ദർഘാസ് ക്ഷണിക്കുകയുണ്ടായെങ്കിലും, നിയമസഭാ തിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാലും, കോവിഡ്-19 മഹാമാരി പടർന്നതിനോടനുബന്ധിച്ച് ലോക്ക്ഡൗൺ നിലവിൽ വന്നതിനാലും ഗവൺമെന്റ് ടെണ്ടർ കമ്മിറ്റി കൂടുവാൻ സാധിച്ചിരുന്നില്ല. തൽസമയം ദർഘാസിന്റെ ഫേം പിരീഡ് കഴിഞ്ഞതിനാൽ, ഫേം പിരീഡ് ദീർഘിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടെങ്കിലും നിർമ്മാണ വസ്തുക്കൾക്ക് അഭൂതപൂർവമായ വിലവർദ്ധന ഈ കാലയളവിൽ ഉണ്ടായിട്ടുള്ളതുകൊണ്ട് ക്വാട്ട് ചെയ്ത നിരക്കിൽ പണി പൂർത്തീകരിക്കുവാൻ സാധിക്കില്ലായെന്നും, ഫേം പിരീഡ് ദീർഘിപ്പിച്ച് നൽകാൻ താല്പര്യമില്ലായെന്നും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരനും, 2nd lowest ക്വാട്ട് ചെയ്ത കരാറുകാരനും അറിയിച്ച സാഹചര്യത്തിൽ, പ്രസ്തുത ദർഘാസ് റദ്ദ് ചെയ്ത് 23.07.2021 ഓൺലൈനിലൂടെയും ദിനപത്രങ്ങളിലൂടെയും പുനർദർഘാസ് ക്ഷണിക്കുകയുണ്ടായി. പ്രസ്തുത ദർഘാസിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ.എസ് രതീഷിന്റെ ദർഘാസ് ഗവൺമെന്റ് ടെണ്ടർ കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചു. 21/10/2021-ന് നടന്ന ടെണ്ടർ കമ്മിറ്റി പ്രവൃത്തി കോമ്പസിറ്റ് വർക്കായി വീണ്ടും ടെണ്ടർ ചെയ്യുവാൻ നിർദ്ദേശിച്ചെങ്കിലും, PRICE-2 എന്നത് PRICE-3 |

| | | | |
|---|---|---|---|
| | | | യിലേലേക്കും DSoR 2016 എന്നത് DSoR 2018 ലേക്കും മാറ്റം വന്ന സാഹചര്യത്തിൽ, പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് മുൻപ് എസ്റ്റിമേറ്റ് Recalculate ചെയ്യേണ്ടതായിട്ടുണ്ട്. ആയതിൻ പ്രകാരം എസ്റ്റിമേറ്റ് Recalculate ചെയ്ത് ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ